**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3168** — **18/06/2019 ൽ മറുപടിക്ക്**

# ഇറക്കുമതി ചെയ്ത കശുവണ്ടിപ്പരിപ്പിന്റെ ദുരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. അബ്ദു റബ്ബ്<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ. ബഷീർ | ശ്രീമതി. ജെ. മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദേശത്തുനിന്നും വൻതോതിൽ കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്തതിനെ തുടർന്ന് സംസ്ഥാനത്തെ കശുവണ്ടി വ്യവസായം തകർച്ചയെ നേരിടുന്നുണ്ടോ; | (എ) യും (ബി) യും | നിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പ് കാലിത്തീറ്റയ്ക്കെന്ന വ്യാജേനയും മറ്റും ഇറക്കുമതി ചെയ്ത് നല്ല പരിപ്പുമായി കൂട്ടിക്കലർത്തി വിപണനം നടത്തുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് കേരളത്തിലെ വ്യവസായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഇറക്കുമതി ചെയ്ത കശുവണ്ടിപരിപ്പ് സംസ്ഥാനത്തെ കശുവണ്ടിപ്പരിപ്പുമായി മിക്സ് ചെയ്ത് കയറ്റുമതി നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | | |
| (സി) | സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം നടപടികൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് കാഷ്യൂ ബോർഡും സർക്കാരും നേരിട്ടും നിവേദനങ്ങൾ മുഖാന്തിരവും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കാഷ്യൂ എക്സ്പോർട്ട്സ് പ്രമോഷൻ കൗൺസിലും ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.<br>കേന്ദ്രസർക്കാർ 12/06/2019-ലെ 8/2015-2020 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മുറിപരിപ്പിന്റേയും മുഴുപരിപ്പിന്റേയും ഇറക്കുമതിമൂല്യം (CIF Value) യഥാക്രമം 288/- രൂപ (Per Kg) യിൽ നിന്നും 680/- രൂപ ആയും 400/- രൂപ (Per Kg) യിൽ നിന്നും 720/- രൂപ ആയും പരിഷ്കരിച്ചിട്ടുണ്ട്. ഇറക്കുമതിനയം തിരുത്തുന്നതിനായി കേന്ദ്രസർക്കാരിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ